(ഡി) അതിനു കേരളത്തിൽ ആരാണു ഏജൻറു്?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) പകരം ഉപയോഗിക്കുന്നതു് പെസ്കണക്ടുസു് ആണു്. മെസ്സേഴ്സു് പെസ്റ്റു കൺട്രോം കമ്പനിയുടെ എറണാകുളം ബ്രാഞ്ചിൽ നിന്നും 1962-ൽ പെസ്കണക്ടുസു് വാങ്ങിയിട്ടുണ്ടു്. അതിനുശേഷം വാങ്ങിയിട്ടില്ല.

(ഡി) പെസ്റ്റു് കൺട്രോം കമ്പനി ബ്രാഞ്ചു്

റൂറൽ മാൻ പവ്വർ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതി.

* 214. [59] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) റൂറൽമാൻപവ്വർ പ്രയോജനപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഗവണ്മെൻറിനുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയുടെ സ്വഭാവമെന്താണു്?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഉണ്ടു്.

(ബി) തൊഴിലില്ലായ്മ വളരെയധികം അനുഭവപ്പെടുന്ന പിന്നോക്കപ്രദേശങ്ങളെയാണു് പദ്ധതിയുടെ പ്രവർത്തനത്തിനായി തിരഞ്ഞെടുക്കുന്നതു്. കാഷ്ടികപ്രവർത്തനങ്ങളും നടക്കാത്ത മാസങ്ങളിൽ തൊഴിൽ പ്രാധാന്യമുള്ള ചെറുകിട ജലസേചനം റോഡുനിർമ്മാണം, മണ്ണു സംരക്ഷണം മുതലായ പ്രവൃത്തികളും ഈ പദ്ധതിയുടെ ആഭിമുഖ്യത്തിൽ ഏറ്റെടുത്തു് നടത്തുന്നു. പ്രവൃത്തികളും തൊഴിലാളികളുടേതായ സഹകരണസംഘങ്ങളും, പഞ്ചായത്തുകളും മുതലായവയെ ഭാരമേൽപ്പിക്കുന്നു. കൺട്രാക്ടറന്മാരെ ഇത്തരം പ്രവൃത്തികളും നടത്തുവാൻ അനുവദിക്കാറില്ല. ഉൽപ്പാദന വർദ്ധന സംജാതമാക്കുന്നതിനു പുറമേ സമൂഹത്തിൻെറ പൊതുവായ ആസ്തികളും വർദ്ധിപ്പിക്കുകവഴി തൊഴിലില്ലായ്മ ഭാഗികമായി പരിഹരിക്കുവാൻ സഹായിക്കുന്നു. എന്നതാണു് ഈ പദ്ധതിയുടെ സവിശേഷത.

UNSTARRED QUESTIONS AND ANSWERS POSTED FOR ANSWER ON 4-2-1964.

കൊട്ടാരക്കര ഗവണ്മെൻറു ബോയ്സു്, ഗേൾസു് ഹൈസ്കൂളുകൾ

15. [1] ശ്രീ. ഡി. ദാമോദരൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര ഗവണ്മെൻറു ബോയ്സു്, ഗേൾസു് ഹൈസ്കൂളുകളിൽ വേണ്ടത്ര ബഞ്ചു്, ഡസ്കു് മുതലായ ഉപകരണങ്ങൾ ഇല്ലെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അവിടത്തെ കുട്ടികളിൽ ഒരു നല്ലവിഭാഗത്തിനെ നിലത്തിരുത്തിയാണു് ക്ലാസ്സുകൾ നടത്തുന്നതെന്നു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥിതി പരിഹരിക്കുവാൻ വേണ്ട നടപടികൾ ഉടനടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly